(ഇ) ഇവരുടെ യാത്ര,, താമസം എന്നിവയുടെ ചെലവ് വഹിച്ചത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമായ 'കിൻഫ്ര' യാണ് എന്നാൽ അവർ പ്രസന്റേഷനും പ്രഭാഷണവും സൗജന്യമായിട്ടാണ് നടത്തിയത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പന

110 [2586] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുവാനാണ് സർക്കാർ അപേക്ഷ ക്ഷണിച്ചിട്ടുള്ളത്;

(ബി) ഇതിൽ ഓരോ സ്ഥാപനത്തിലും സർക്കാരിനുള്ള ഷെയർ എത്രയാണ്;

(സി) ആർ. സി. ചൗധരി റിപ്പോർട്ടുപ്രകാരം ഏതെല്ലാം സ്ഥാപനങ്ങൾ വിൽക്കുവാനാണ് ശുപാർശ ചെയ്തിട്ടുള്ളത്;

(ഡി) വിൽക്കുവാൻ അപേക്ഷ ക്ഷണിച്ച ഓരോ സ്ഥാപനത്തിലും എത്ര ഏക്കർ ഭൂമിയുണ്ടെന്നും എത്ര ആസ്തിയുണ്ടെന്നും ഓരോ സ്ഥാപനത്തിലും എത്ര ആൾക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) കെൽട്രോൺ കൗണ്ടേഴ്സ്, ആസ്ട്രൽ വാച്ചസ്, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, എന്നീ സ്ഥാപനങ്ങളുടെ 100% ഓഹരികൾ വാങ്ങുന്നതിന് താൽപ്പര്യമുള്ളവരിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നതിനായി പരസ്യം ചെയ്തിട്ടുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് സാലിസിലേറ്റസ് ആന്റ് കെമിക്കൽസിൽ 628 ലക്ഷം രൂപയും, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസിൽ 154.63 ലക്ഷം രൂപയും, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിൽ 106.09 ലക്ഷം രൂപയും സർക്കാരിന് ഷെയറുണ്ട്. (കെൽട്രോൺ കൗണ്ടേഴ്സിൽ കെ.എസ്.ഇ.ഡി.സി.-ക്കു 496.80 ലക്ഷം രൂപയുടേയും, ആസ്ട്രൽ വാച്ചസിൽ കെ.എസ്.ഐ.ഡി.സി.-ക്കു 145.29 ലക്ഷം രൂപയുടേയും ഷെയറുണ്ട്.

(സി) കെൽട്രോൺ കൗണ്ടേഴ്സ്, ആസ്ട്രൽ വാച്ചസ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ-എ ഡിവിഷൻ, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, സീതാറാം ടെക്സ്റ്റൈൽസ്, ആട്ടോകാസ്റ്റ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കോട്ടയം ടെക്സ്റ്റൈൽസ് എന്നിവയുടെ 100% ഓഹരികൾ വിൽക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly